LIBRARY ARCHIVES Kerala Legislative Assembly

ഒളവണ്ണ പി.എച്ച്.സി., ചാലിയം പി.എച്ച്.സി. എന്നിവ സി.എച്ച്.സി. ആക്കി ഉയർത്താൻ നടപടി

112 [3164] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(ബി) ഈ കാര്യത്തിൽ സർക്കാർ മുമ്പാകെ എന്തെങ്കിലും പ്രപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പ്രപ്പോസലിൽ ബേപ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.-കൾ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ഭൗതിക സാഹചര്യവും നിലവിലുള്ള ഒളവണ്ണ പി.എച്ച്.സി., ചാലിയം പി.എച്ച്.സി. എന്നിവ സി.എച്ച്.സി. ആക്കി ഉയർത്താൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പി.എച്ച്.സി. പുറത്തൂർ (മലപ്പുറം ജില്ല), പി.എച്ച്.സി. കൊടുവള്ളി (കോഴിക്കോട്), രാമറാവു മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രി, നെടുങ്ങോലം (കൊല്ലം) എന്നിവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പി.എച്ച്.സി.-കളെ സി.എച്ച്.സി.-കൾ ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

മഞ്ചേരി ജില്ലാ ആശുപത്രിക്ക് കെട്ടിടം പണി പൂർത്തിയാക്കാൻ നടപടി

113 [3165] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിന് കീഴിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്നത്തേക്ക് രോഗികൾക്ക് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ് മാസത്തിനകം പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(സി) പണി പൂർത്തിയാക്കി വകുപ്പിന് കൈമാറി മറ്റ് സൗകര്യങ്ങൾ ഒരുക്കിയതിനുശേഷമേ രോഗികൾക്ക് തുറന്നുകൊടുക്കാൻ കഴിയുകയുള്ളു.

(ഡി) ജില്ലാ പഞ്ചായത്തിൽ നിന്ന് 272.5 ലക്ഷം രൂപയും എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ അനുവദിക്കപ്പെട്ട അലോപ്പതി ഹെൽത്ത് സെന്റർ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ

114 [3166] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 1996 മുതൽ 2001 മേയ് മാസം വരെ അനുവദിക്കപ്പെട്ട അലോപ്പതി പ്രൈമറി ഹെൽത്ത് സെന്ററുകൾ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവ എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) 2001 മേയ് മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ കോഴിക്കോട് ജില്ലയിൽ അനുവദിക്കപ്പെട്ട അലോപ്പതി പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ എന്നിവ എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 1996 മുതൽ 2001 മേയ് മാസംവരെ അലോപ്പതി മേഖലയിൽ 3 പ്രൈമറി ഹെൽത്ത് സെന്ററുകളും, ആയുർവേദ മേഖലയിൽ 14 ഡിസ്പെൻസറികളും ഒരു ആശുപത്രിയും 10 ഹോമിയോ സിസ്പെൻസറികളും അനുവദിച്ചിട്ടുണ്ട്.

(ബി) 2001 മേയ് മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ അലോപ്പതി മേഖലയിൽ പ്രൈമറി ഹെൽത്ത് സെന്റർ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. ആയുർവേദ മേഖലയിൽ ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ട്. ഹോമിയോ മേഖലയിൽ ഡിസ്പെൻസറികൾ ഒന്നുതന്നെ അനുവദിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ ഉദുമ പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി

115 [3167] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് ഏതൊക്കെ തസ്തികകളാണ് പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly